(സി) താലൂക്ക് തലത്തിൽ ലീഗൽ മെട്രോളജി ഇൻസ്പെക്ടർമാരും, ജില്ലാതലത്തിൽ അസിസ്റ്റന്റ് കൺട്രോളർമാരും ജില്ലകളിലെ ഫ്ളൈയിംഗ് സ്ക്വാഡുകളും, ഇപ്പോൾത്തന്നെ നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇവയ്ക്കുപുറമെ ഓരോ ആഴ്ചയിലും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തിവരുന്നു.

വെച്ചൂർ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി

89 (1664) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെച്ചൂർ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) നിലവിലുള്ള 'വെച്ചൂർ' പശുക്കളുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെയാണ് ഇപ്പോൾ പ്രസ്തുത പശുക്കൾ ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എല്ലാ താലൂക്കുകളിലും ഈ പശുക്കളുടെ പ്രദർശനം സംഘടിപ്പിക്കുന്നതിന് തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) സ്വീകരിക്കാവുന്നതാണ്.

(ബി) 2007-ലെ സെൻസസ് പ്രകാരം 160 എണ്ണം.

(സി) കോട്ടയം, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിലാണ് വെച്ചൂർ പശുക്കളുള്ളത്.

(ഡി) സംസ്ഥാന ജില്ലാതല പ്രദർശനങ്ങളിൽ വെച്ചൂർ പശുക്കളെ ഉൾപ്പെടുത്താറുണ്ട്. പശുക്കളുടെ എണ്ണം പരിമിതമായതിനാൽ എല്ലാ താലൂക്കുകളിലും പ്രദർശനം സംഘടിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

കൊല്ലം ജില്ലയിലെ ക്ഷീരകർഷകർക്ക് കാലതാമസം കൂടാതെ പെൻഷൻ നൽകാൻ നടപടി

90 (1666) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷക പെൻഷനുവേണ്ടി കൊല്ലം ജില്ലയിൽ നിന്ന് നാളിതു വരെ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട് ; ബ്ലോക്ക് തലത്തിലുള്ള വിശദാംശം അറിയിക്കുമോ ;

(ബി) ഇതിൽ എത്ര കർഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് ; ആയതിന്റെ വിതരണം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തിക്കര ബ്ലോക്കിൽ നിന്ന് നൽകിയ അപേക്ഷകൾ എത്രയാണെന്ന് അറിയിക്കുമോ ; അപേക്ഷ നൽകി 6 മാസം കഴിഞ്ഞിട്ടും പെൻഷൻ കാര്യത്തിൽ തീരുമാനമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ബ്ലോക്കിലെ ക്ഷീര കർഷകർക്ക് പെൻഷൻ ലഭിക്കുവാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2459 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആകെ ലഭിച്ച അപേക്ഷകളിൽ സാധുതയുള്ള 2049 അപേക്ഷകർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഇത്തിക്കര ബ്ലോക്കിൽ നിന്നും 253 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ സാധുതയുള്ള 147 അപേക്ഷകളിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ക്ഷേമനിധി ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി തക്കതായ നടപടി സ്വീകരിക്കുന്നതാണ്.

ഹൈടെക് ഡയറി ഫാമുകൾ

91 (1667) ശ്രീ. കെ. സി. ജോസഫ്
ശ്രീ. കെ. അച്ചുതൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര വികസനത്തിന്റെ ഭാഗമായി എവിടെയൊക്കെ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കണമെന്നാണ് തീരുമാനിച്ചിരുന്നത് ;

(ബി) ഇപ്പോൾ ഇത്തരം ഡയറി ഫാമുകളുടെ നിർമ്മാണ പ്രവർത്തനം ഏതെല്ലാം സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട് ;

(സി) ഈ സ്ഥലങ്ങളിലെ ഡയറി ഫാമുകൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഡയറി ഫാമുകൾ പ്രവർത്തനക്ഷമമാകുന്നതോടെ ക്ഷീര മേഖലയ്ക്ക് ഗുണകരമായ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കുളത്തൂപ്പുഴ, കോലാഹലമേട്, മാട്ടുപ്പെട്ടി എന്നിവിടങ്ങളിലാണ് ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly